**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 235 09/03/2018-ൽ മറുപടിയ്ക്ക്**

**<u>പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**,, കെ.മുരളീധരൻ**<br>**,, വി.ടി.ബൽറാം**<br>**,, റോജി എം. ജോൺ :** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതോപാധി, ഭക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുവാൻ കേന്ദ്രസർക്കാർ സംസ്ഥാനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | 2011-12-ൽ സംസ്ഥാന സർക്കാർ നല്കിയ പ്രോജക്ട് പ്രൊപ്പോസൽ അംഗീകരിച്ച് പദ്ധതി നിർവ്വഹണം 2015-16 വരെ നടപ്പിലാക്കിയിരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2011-12-ൽ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കും വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി. പ്രോജക്ടിനായി (2011-2016) 133.20 കോടി രൂപ കേന്ദ്ര ധനസഹായവും, 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ ലഭിച്ചിരുന്നു. കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധനസഹായത്തിൽ ഉൾപ്പെടുത്തി പി.വി.ടി.ജി. പ്രോജക്ടിന്റെ ഭാഗമായി നടപ്പിൽ വരുത്തിയ സി.സി.ഡി (കൺസർവേഷൻ കം ഡെവലപ്പ്മെന്റ്) പദ്ധതിക്കായി 12.10 കോടി രൂപയും ലഭിച്ചിരുന്നു. |
| (സി) | ഈ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളെന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | പ്രത്യേക ദുർബ്ബല ഗോത്രവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിയെന്ന നിലയിൽ 2108 വീടുകളുടെ നിർമ്മാണം, ഭക്ഷ്യസുരക്ഷ, റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ് ജലസംരക്ഷണം, കോളനികളുടെ വൈദ്യുതീകരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അംഗൻവാടികൾ, പെരിപ്പതറ്റിക് സെന്ററുകൾ തുടങ്ങിയവയാണ് |

| | | | |
|---|---|---|---|
| | | | പി.വി.ടി.ജി. പ്രോജക്ടിനായുള്ള ഫണ്ട് ഉപയോഗിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള പദ്ധതികൾ. ഇതോടൊപ്പം സി.സി.ഡി പ്രോജക്ടിന് കീഴിൽ വീട് നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള പദ്ധതി, കാർഷിക ജീവനോപാധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവനോപാധി, ഭക്ഷണം എന്നീ രംഗങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടം വിശദമാക്കാമോ; | (ഡി) | പി.വി.ടി.ജി പദ്ധതിയിലൂടെ 7 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം, ഏകാധ്യാപക സ്കൂളുകളിലൂടെ പി.വി.ടി.ജി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം, ഹെൽത്ത് വോളണ്ടിയർമാർ മുഖേന അവശ്യ മരുന്നുകളുടെ വിതരണം, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സഹായത്തോടെ 611 കോളനികളിൽ 2134 മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം തുടങ്ങിയവ ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങളാണ്. ഗോത്ര വിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായും, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായും നിശ്ചിത അളവിൽ ഭക്ഷ്യ ധാന്യങ്ങളും മറ്റും വിതരണം നടത്താൻ കഴിഞ്ഞു വെന്നതാണ് പദ്ധതിയുടെ മറ്റൊരു നേട്ടം. ഈ സ്കീമുകളിലൂടെയെല്ലാം സംസ്ഥാനത്തെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട 8101 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ഇ) | അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) യും (എഫ്) യും | അനുവദിച്ച തുകകൾ പൂർണ്ണമായും ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (എഫ്) | വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തത് മൂലം ഈ വിഭാഗത്തിന് അനുവദിച്ച കേന്ദ്ര ഫണ്ട് ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ